# എൽ.എസ്.എസ് പരീക്ഷ - 2012

# പാർട്ട് - സി

## പോർട്ട് ഫോളിയോ വിലയിരുത്തൽ

---

### പ്രഥമാധ്യാപകർക്കുള്ള പ്രത്യേക നിർദേശങ്ങൾ

1. ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പോർട്ട് ഫോളിയോകളാണ് വിദ്യാർത്ഥികൾ കൊുവരേത്.

2. ഓരോ വിഷയത്തിനും ചുവടെ നൽകിയിട്ടുള്ള യൂണിറ്റുകളിൽ നിന്നുള്ള പഠനത്തെളിവുകളാണ് പോർട്ട്ഫോളിയോ ഇനങ്ങളായി പരിഗണിക്കുക.

| ഭാഷ | പരിസരപഠനം | ഗണിതം |
|---|---|---|
| 1. കതിരില്ലാപ്പാടങ്ങൾ | 1. എന്റെ കേരളം | 1. നാം നാടിനും നാട് നമുക്കും |
| 2. കലകളുടെ കളിത്തൊട്ടിൽ | 2. സ്വാതന്ത്രത്തിന്റെ വഴികൾ | 2. മുത്തശ്ശി പറഞ്ഞതും ഞാൻ അഞ്ഞതും |
| 3. മായുന്ന നിറച്ചാർത്തുകൾ | 3. സസ്യലോകത്തേക്ക് | 3. തൊഴിലും കൂലിയും |

3. ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ, ഉള്ളടക്കത്തിന്റെയും പോർട്ട്ഫോളിയോയുടെയും ക്രമീകരണത്തിലും രേഖപ്പെടുത്തലിലുമുള്ള മികവ്, സ്വീകരിച്ച പഠനപ്രക്രിയ, പഠനത്തിലെ ക്രമാനുഗതമായ വളർച്ച എന്നിവ പരിഗണിച്ചാണ് പോർട്ട്ഫോളിയോ വിലയിരുത്തുക.

4. നിർദ്ദിഷ്ട യൂണിറ്റുകളിലെ ഇനങ്ങളിൽ നിന്നും തന്റെ ഉയർന്ന കഴിവിനെ പ്രതിഫലിപ്പിക്കുന്ന തെളിവുകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യം കുട്ടിക്ക്.

5. നിർദേശിക്കപ്പെട്ട എല്ലാ യൂണിറ്റുകളെയും പ്രതിനിധികരിക്കുന്ന പോർട്ട്ഫോളിയോ ഇനങ്ങൾ കൊുവരേതാണ്.

6. പോർട്ട്ഫോളിയോ പ്രത്യേകം ഫയലുകളോ നോട്ടുപുസ്തകങ്ങളോ ആകാം. നോട്ടുപുസ്തകം ആണെങ്കിൽ തെരഞ്ഞെടുത്ത ഇനത്തിന്റെ പേജിൽ പേപ്പർ സ്ലിപ്പ് ഒട്ടിക്കണം. ഇവ പരീക്ഷാദിവസം രാവിലെ സെന്ററിൽ സമർപ്പിക്കേതാണ്.

7. പോർട്ട്ഫോളിയോയിലെ ഓരോ ഇനത്തിലും അത് തയ്യാറാക്കിയ തീയതി രേഖപ്പെടുത്തേതാണ്. ക്ലാസ്സധ്യാപികയുടെ ഫീഡ്ബാക്ക് പോർട്ട്ഫോളിയോയിൽ രേഖപ്പെടുത്തേതാണ്. അധ്യാപികയുടെ ഒപ്പ് ഓരോ ഇനത്തിലും ഉാവണം.

8. ഓരോ വിഷയത്തിന്റെയും പോർട്ട്ഫോളിയോ ഇനങ്ങൾ അവ തയ്യാറാക്കിയ തീയതിയും മാസവും പരിഗണിച്ച് ക്രമീകരിക്കേതാണ്.

തിരുവനന്തപുരം,
30/01/2012

**സെക്രട്ടറി**
പരീക്ഷാഭവൻ

# USS Examination – 2012

## Part - C

## പോർട്ട്ഫോളിയോ വിലയിരുത്തൽ

---

**പ്രഥമാധ്യാപകർക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

- ഭാഷ, സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പോർട്ട്ഫോളിയോ ആണ് വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്.
- ഓരോ വിഷയത്തിൽ നിന്നും പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്താവുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| **വിഷയം** | **ഇനങ്ങൾ** |
|---|---|
| ഭാഷ | ആസ്വാദനക്കുറിപ്പുകൾ, ലേഖനങ്ങൾ, പുറംതാൾകുറിപ്പുകൾ, ബ്രോഷർ നിർമ്മാണം, ഡയറിക്കുറിപ്പുകൾ .................... |
| സാമൂഹ്യശാസ്ത്രം | സർവ്വേകുറിപ്പുകൾ, ലഘുപ്രോജക്ടുകൾ, നിരീക്ഷണക്കുറിപ്പുകൾ, അസൈൻമെന്റുകൾ |
| അടിസ്ഥാനശാസ്ത്രം | പ്രോജക്ടുകൾ, പരീക്ഷണക്കുറിപ്പുകൾ, നിരീക്ഷണക്കുറിപ്പുകൾ, അസൈൻമെന്റുകൾ |
| ഗണിതശാസ്ത്രം | ഗണിതകേളികൾ, നിർമ്മാണപ്രവർത്തനങ്ങൾ, പസിലുകൾ |

- ഓരോ വിഷയത്തിന്റെയും നേർക്കു സൂചിപ്പിച്ച ഇനങ്ങളിൽ നിന്നും കുട്ടി തെരഞ്ഞെടുക്കുന്ന ഒരിനത്തിന്റെ പഠനത്തെളിവുകളാണ് പോർട്ട്ഫോളിയോയിൽ ഉൾക്കൊള്ളിക്കേണ്ടത്. (4 ഇനങ്ങളിലുള്ള പഠനത്തെളിവുകൾ)
- കുട്ടി ഏറ്റെടുത്ത പഠനപ്രവർത്തനങ്ങളിൽ സ്വന്തം മികവ് പ്രകടിപ്പിക്കാനും പ്രതിഫലിപ്പിക്കാനും കഴിയുന്ന പഠനത്തെളിവുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടിക്കുണ്ട്.
- പോർട്ട്ഫോളിയോ ഇനങ്ങൾക്ക് ക്ളാസ് റൂം പ്രവർത്തനങ്ങളുമായുള്ള ബന്ധം, ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ, ഉള്ളടക്കത്തിന്റെയും പോർട്ട്പോളിയയുടെയും ക്രമീകരണത്തിലും രേഖപ്പെടുത്തലിലുമുള്ള മികവ്, സ്വീകരിച്ച പ്രക്രിയ, പഠന പുരോഗതി എന്നിവയെ അടിസ്ഥാനമാക്കിയാണ് പോർട്ട്ഫോളിയോ വിലയിരുത്തൽ നടത്തുന്നത്.
- പോർട്ട്ഫോളിയോ പ്രത്യേകം ഫയലുകളോ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ നോട്ടുപുസ്തകമോ ആവാം. നോട്ടുപുസ്തകമാണെങ്കിൽ പോർട്ട്ഫോളിയോ ആയി പരിഗണിക്കേണ്ട ഇനങ്ങൾ പേപ്പർ സ്ളിപ്പ് കൊണ്ട് അടയാളപ്പെടുത്തി വയ്ക്കണം. ഇവ പരീക്ഷാദിവസം രാവിലെ സെന്ററിൽ സമർപ്പിക്കേണ്ടതാണ്.
- പ്രത്യേകം ഫയലുകളാണ് കൊണ്ടുവരുന്നതെങ്കിൽ ക്ളാസ്റൂം പ്രവർത്തനങ്ങളുടെ തുടർച്ച ബോധ്യപ്പെടുന്നതിനുള്ള തെളിവുകൾ കൂടി ഇതോടൊപ്പം ഉണ്ടാവണം.
- പോർട്ട്ഫോളിയോയിലെ ഓരോ ഇനത്തിലും അത് തയ്യാറാക്കിയ തീയതി രേഖപ്പെടുത്തേണ്ടതാണ്. അധ്യാപികയുടെ ഒപ്പ് ഓരോ ഇനത്തിലും ഉണ്ടാവണം.

തിരുവനന്തപുരം,
30/01/2012

**സെക്രട്ടറി**
പരീക്ഷാഭവൻ